RULE 15.

Date of meetings.

15. The Representative Body shall sit on such dates as the President, having regard to the state of business of the Representative Body, may from time to time direct:

Provided that the President shall not adjourn the session for more than three days at a time except with the consent of the Representative Body:

Provided further that the Chairman may adjourn the session to the next working day.

The Rule was read and passed.

RULE 16.

Committee of the whole Body.

16. The Representative Body may resolve itself into a Committee of the whole Representative Body.

The Rule was read and passed.

RULE 17.

Time of meeting.

17. Meetings of the Representative Body shall commence at 11. A. M. except as otherwise resolved by the Representative Body or directed by the Chairman.

MR. JOSEPH MALIECKAL (*Thodupuzha I—General*): There are two amendments to this Rule. The 1st being a special proposition and the second being a general one. I request the permission of the Chair to take up first the amendment of a general character.

MR. PRESIDENT: ഇതിന് മി. പി. എസ്. മഹമ്മദ് ഒരു അമൻറുമെൻറ് തന്നിട്ടുണ്ട്. അതനുസരിച്ച് വെള്ളിയാഴ്ച ദിവസം ഫ 2-ാം മുതൽ 2-ാം മണിവരെ അവധി ഉണ്ടായിരിക്കണമെന്നാണ്. മി. പി. എസ്. മഹമ്മദ് ഭേദഗതി അവതരിപ്പിക്കാം.

MR. P. S. MUHAMMED (*Muvattupuzha I—Muslim Reserved*): Add the following Proviso: "On Fridays the interval shall be for 2 hours between 12-30 and 2-30 P. M.

എന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. എന്റെ അമൻറുമെൻറ് സഭ സദയം സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. എല്ലാ മെമ്പറന്മാർക്കും ഇവിടത്തെ ബിസിനസ്സിൽ പങ്കുകൊള്ളുന്നതിനും, എന്റെ സമുദായത്തിൽപ്പെട്ട മെമ്പറന്മാർക്ക് അവരുടെ പ്രാർത്ഥനയും ചെയ്യുന്നതിനുമായിട്ട് [illegible] രീതിയിൽ—അതിനു സൌകര്യം കിട്ടത്തക്കവിധത്തിൽ—എല്ലാ വെള്ളിയാഴ്ചയും ഫ 2 അര മുതൽ 2 അര

LIBRARY ARCHIVES Kerala Legislative Assembly

വരെ— (ഞാൻ മാമൻറമെന്റിൽ ഫ്രം മുതൽ എന്നാണ് ചേർത്തത്. ഇപ്പോൾ അതു ഫ്രം അറ മുതൽ എന്നു തിരുത്തുന്നു) വരെയുള്ള സമയം ഇൻറർവെൽ കൊടുക്കണമെന്നാണ് എൻറെ അഭിപ്രായം. അതായത് രണ്ടു മണിക്കൂർ ഇപ്പോഴത്തെ നിയമമനുസരിച്ചു നോക്കുകയാണെങ്കിൽ ഒന്നരമണിക്കൂർ അവർക്ക് ആരാധനയ്ക്കു പോകാം അതല്ലെങ്കിൽ അസംബ്ലിബിസിനസ്സിൽ പങ്കുകൊള്ളാം. രണ്ടുമൂന്നു മണിക്കൂർ സാദ്ധ്യമാകുകയില്ല. അതുകൊണ്ട് നൂറുരണ്ടിനും പ്രതിബന്ധമുണ്ടാകാത്ത നിലയിൽ അതായത് അവരുടെ ആരാധനയിൽ പങ്കുകൊള്ളുന്നതിനും ഇവിടത്തെ ബിസിനസ്സിൽ സംബന്ധിക്കുന്നതിനും സൗകര്യപ്രദമായ വിധത്തിൽ വെള്ളിയാഴ്ചദിവസം ഉച്ചയ്ക്കു് ഫ്രം മണിയ്ക്കും രണ്ടരയ്ക്കും മദ്ധ്യേയുള്ള സമയം ഇൻറർവെൽ അനുവദിച്ചു കൊടുക്കണമെന്നാണ് എനിക്കുള്ള അപേക്ഷ. അതിനാലാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. ഇതിനുമുമ്പുള്ള നിയമസഭയിൽ ഇങ്ങനെ പ്രത്യേകം സമയം അനുവദിച്ചിരുന്നുവോ എന്നു വേണമെങ്കിൽ പരിശോധിക്കാം. അതിന് എനിക്കുള്ള സമാധാനം ഇതിനുമുമ്പു് ഉണ്ടായിരുന്ന ഗവണ്മെൻറ് ഇതുപോലെ ജനങ്ങളോട് ഉത്തരവാദിത്വമുള്ള തെല്ലായിരുന്നു. ഇപ്പോൾ ഒരു ജനകീയഗവണ്മെൻറ് ക്രൂരതയ്ക്ക് ഉത്തരവാദിത്വബോധത്തോടുകൂടി ഒരു ഭരണഘടന നിർമ്മിക്കുവാൻ പോകുകയാണ്. അന്നത്തെ ഗവണ്മെൻറിൻറെ ഇഷ്ടംപോലെ ഉപദ്രവം സഹിക്കുന്നതിനും ത്യജിക്കുന്നതിനും സാധിക്കുമായിരുന്നു. അതിനാൽ അവരുടെ ഇഷ്ടംപോലെ സംഗതികൾ തുടർന്നു കൊണ്ടുപോകുന്നതിനു മെമ്പർമാർ തടസ്സമായി നിന്നിരുന്നില്ല. ഇന്നാണെങ്കിൽ സഭയിൽ നടക്കുന്ന നടപടികൾക്ക് എല്ലാപേരും ഉത്തരവാദികളാണ്. അതിനാൽ ആരാധനയ്ക്കു പോകുന്ന സമയത്തു സഭയിൽ നടക്കുന്ന നടപടികൾക്കു ഞങ്ങളും ഉത്തരവാദികളാണ്. ആരാധനാസ്വാതന്ത്ര്യം എല്ലാവർക്കും വേണ്ടതാണ്. ഇതു് ന്യായയുക്തമായ ഒരപേക്ഷയാകയാൽ ഇതിനെ സഭ അനുകൂലിക്കുമെന്നാണ് എൻറെ വിശ്വാസം. മാത്രമല്ല ഇവിടത്തെ പ്രതിപക്ഷകക്ഷിയായ സ്റ്റേറ്റുകോൺഗ്രസ്സ് അവരുടെ തിരഞ്ഞെടുപ്പു പ്രചരണസമയത്തു് ന്യൂനപക്ഷങ്ങൾക്ക് അവരുടെ ആരാധനയ്ക്കു വേണ്ട സൗകര്യങ്ങളും എല്ലാം കൊടുക്കുന്നതാണെന്നും മെമ്മോറാണ്ടിസിൻറെ സകലവിധ അവകാശങ്ങളും സംരക്ഷിക്കുന്നതാണെന്നും മറ്റും വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിനാൽ ഇതു് അവർ അനുകൂലിക്കുമെന്നാണ് എൻറെ ഉറച്ച വിശ്വാസം. ഞാൻ മാമൻറമെൻറ് അവതരിപ്പിക്കുന്നു. ഇതു് ഒരു ന്യൂനപക്ഷസമുദായത്തിൻറെ സ്വാതന്ത്ര്യത്തെ സംബന്ധിക്കുന്ന ഒരു സംഗതിയായതുകൊണ്ട് എല്ലാവരും ഇതിനെ അനുകൂലിച്ചു വോട്ടു ചെയ്യണമെന്നുപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. NATARAJA PILLAI: I support it.

HONOURABLE MR. A. THANU PILLAI: മി. മഹമ്മദ് പറഞ്ഞതു പോലെ ഇതു് വളരെ പ്രധാനമായ ഒരു കാര്യമാണ്. ഈ സഭയിൽ നടക്കുന്ന വാദപ്രതിവാദങ്ങളിൽ എല്ലാ മെമ്പർമാക്കും മുഴുവനുമായി പങ്കുകൊള്ളുന്നതിനുള്ള സൗകര്യം ഉണ്ടാക്കേണ്ടതാണ്. ഈ പ്രതിനിധി സഭയെ സംബന്ധിച്ചിടത്തോളം വെള്ളിയാഴ്ച ദിവസങ്ങളിൽ മി. മഹമ്മദിന്റെ അഭിപ്രായപ്രകാരം ഫ്രം 12-നു 0-നും ടു-നു 0-നും ഇടയ്ക്കുള്ള സമയം യോഗം ചേരുന്നതു് ശരിയായിരിക്കുമെന്നു് എനിക്കു തോന്നുന്നു. എന്റെ ഈ അഭിപ്രായം സഭ സ്വീകരിക്കണമെന്നു് അപേക്ഷിക്കുന്നു.

MR. A ABDUL RAZAK (*Nedumangad I— Muslim Reserved*): Sir, இதை நான் ஆமோதித்துக் கொள்வதோடு, இதை எல்லோரும் ஏகமனதாக ஏற்றுக் கொள்வார்களென்று நம்புகிறேன்.

MR. MANNATHU PADMANABHA PILLAI: ഞാൻ മി. പി. എസ്സ്. മഹമ്മദിന്റെ ഭേദഗതിയെ അനുകൂലിക്കുന്നു.

MR. K. R. ELANKATH: ഞാനും ഭേദഗതിയെ അനുകൂലിക്കുന്നു, എന്നാൽ ഈ സന്ദർഭത്തിൽ എനിക്കു ഒരു കാര്യംകൂടി പറയുവാനുണ്ടു്. മഹാത്മജിയുടെ മരണത്തെക്കുടി അനുസ്മരിച്ചുകൊണ്ടു് അന്നു രണ്ടര മണിവരെ സഭ കൂടേണ്ടതില്ലെന്നാണു് എന്റെ അഭിപ്രായം. വെള്ളിയാഴ്ചതോറും രണ്ടര മണിക്കുമേൽ മാത്രം സഭ കൂടിയാൽ മതിയാകുന്നതാണു്.

MR. N. V. CHACKO (*Kunnatnad III—General*): മി. മഹമ്മദിന്റെ ഭേദഗതിയെ ഞാനും അനുകൂലിക്കുന്നു. എന്നാൽ അതിലെ ദോഷം സംബന്ധിച്ചു് അല്പം ഒരു ഭേദഗതി വരുത്തിയാൽകൊള്ളാം എന്നു് എനിക്കു് അഭിപ്രായമുണ്ടു്. "Between 12-30 and 2-30 p. m." എന്നുള്ളതു് "From 12-30 p. m. to 2-30 p. m." എന്നാക്കണമെന്നാണു് ആ ഭേദഗതി.

MR. KANNARA GOPALA PANICKER: മി. മഹമ്മദിന്റെ ഭേദഗതി ഇംഗ്ലീഷിൽ ഇങ്ങനെയാണു് കിട്ടിയിരിക്കുന്നതു്.

Add the following Proviso: "On Fridays the interval shall be for 2½ hours between 12 noon and 2-30 P. M.

എന്നാൽ ഇവിടെ ഭേദഗതി തിരുത്തിയിരിക്കുന്നു. അതു് പ്രമേയകർത്താവു തന്നെ തിരുത്തിയതാണോ എന്നു് അറിഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : അതു തിരുത്തു് പ്രമേയകർത്താവുതന്നെ ചെയ്തിട്ടുള്ളതാണു്. ഭേദഗതി വായിച്ചപ്പോൾ തന്നെ തിരുത്തിയാണു് അദ്ദേഹം വായിച്ചതു്.

MR. KANNARA GOPALA PANICKER : ആദ്യത്തെ ഭേദഗതിയിൽ പകൽ ദിവസം മുഴുവനും അവധികൊടുക്കണമെന്നാവശ്യപ്പെട്ടിരുന്നു.

MR. PRESIDENT : അതു ശരിയാണു്. എന്നാൽ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നതു് പുതിയ ഭേദഗതിയാണു്. ഇന്നലെ രാത്രി വരെ ഭേദഗതികൾ അയയ്ക്കുവാൻ സമയം കൊടുത്തിരുന്നു. അതിൻ പ്രകാരം കിട്ടിയിട്ടുള്ള ഭേദഗതികളിൽ ഒന്നാണു് ഇതു്. അതിലെ പ്രൊവൈസോ മാത്രം വോട്ടിനിടണമെന്നു വിചാരിക്കുന്നു. പ്രൊവൈസോ ഇതാണു്:

Add the following Proviso: "On Fridays the interval shall be for 2 hours between 12-30 and 2-30 P. M.

ഇതിനെപ്പറ്റി മി. മാളേക്കൽ ഒരു ഭേദഗതി അവതരിപ്പിക്കുന്നതുകൊണ്ടു് അതു് പിന്നീടു വോട്ടിനിട്ടുകൊള്ളാം.

The amendment was put to vote and carried.

MR. PRESIDENT : മി. മാളേക്കൽ, അദ്ദേഹത്തിന്റെ ഭേദഗതി അവതരിപ്പിക്കാം.

MR. JOSEPH MALIECKAL : ഞാൻ ഹാജരാക്കുന്ന ഭേദഗതി ഇതാണു്.

In Rule 17, after the words "11 A. M." add "and terminate at 4-30 P. M. with an interval of one hour for lunch between 1-30 and 2-30 P. M."

അതായതു് ഒരു മണിക്കൂർ ലഞ്ചിനു വേണമെന്നും അതു് ഒന്നര മുതൽ രണ്ടര മണിവരെ ആയിരിക്കണമെന്നും സഭാനടപടികൾ നിറുത്തുന്നതു് നാലര മണിക്കായിരിക്കണമെന്നും ആണു്. സഭ തുടങ്ങേണ്ടതു് ഫൂ മണിക്കായിരിക്കണമെന്നു് വ്യവസ്ഥയുണ്ടു്. അതുതന്നെ ഭേദപ്പെടുത്തുന്നതിനു് പ്രസിഡൻറിനു് അധികാരമുണ്ടു്. അതേ വ്യവസ്ഥയിൽത്തന്നെ ഉൾപ്പെട്ടു് ലഞ്ചിനുള്ള സമയം ഏതാണെന്നും യോഗം അവസാനിപ്പിക്കുന്ന സമയം ഏതാണെന്നും ക്ലിപ്തപ്പെടുത്തുക എന്നുള്ളതാണു് ഈ ഭേദഗതികൊണ്ടു് ഞാനുദ്ദേശിക്കുന്നതു്. അസാധാരണ സന്ദർഭങ്ങളിൽ ഈ സമയമെല്ലാം ഭേദപ്പെടുത്തുവാനുള്ള അധികാരം അദ്ധ്യക്ഷനുണ്ടായിരിക്കുകയും വേണം. ഭേദഗതിചെയ്തപ്രകാരം ഈ വകുപ്പു് ഇങ്ങനെ വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Joseph Malieckal.]

'17. Meetings of the Representative Body shall commence at 11 A. M. and terminate at 4-30 P. M. with an interval of one hour for lunch between 1-30 and 2-30 P. M. except as othervise resolved by the Representative Body or directed by the Chairman'

ഞാൻ ഈ ഭേഗതി സഭയുടെ സ്വീകരണത്തിനായി അവതരിപ്പിച്ചുകൊള്ളുന്നു.

MR. V. O. MARKOS: ഇൻറർവൽ ഒന്നര മണിക്കൂർ എടുത്തുകൊണ്ട് സഭ അവസാനിപ്പിക്കുന്ന സമയം അഞ്ചു മണിവരെ ആക്കുന്നതിന മി. മാളേക്കലിന് വിരോധമുണ്ടോ?

MR. JOSEPH MALIECKAL: ഒരു വിരോധവുമില്ല. ഏതെങ്കിലും ഒരു സമയക്ലിപ്തം ഉണ്ടായിരിക്കേണമെന്നേയുള്ളൂ.

HONOURABLE MR. A. THANU PILLAI: സഭയുടെ ജോലിക്രമം തീർന്നാൽ മെമ്പറന്മാർ ഇവിടെയിരിക്കണമെന്നുണ്ടോ? അവർക്ക് വീട്ടിൽ പോകുന്നതിന് വിരോധമില്ലല്ലോ.

MR. JOSEPH MALIECKAL: ഇല്ല.

HONOURABLE MR. A. THANU PILLAI: അതുകൊണ്ടാണ് അഞ്ചു മണിഎന്നോ നാലരമണിയെന്നോ സമയം ക്ലിപ്തപ്പെടുത്താതിരിക്കുന്നത്.

MR. T. K. NARAYANA PILLAI: Sir, I oppose this amendment. Now as it is when the clock strikes 4-30 suppose if a member is on his legs the President has to call him to order unless the meeting is going to be continued. I do not want that contingency to arise every day. The discretion vested in the President will have to be invoked every day when any urgent matter is discussed. But it is open to the President to say that the proceedings may terminate or may continue. If really the President wants the proceedings to continue because of the urgency and importance of the matter that is being debated upon it is open to him to continue the discussion. I want absolute freedom in regard to this matter being vested ultimately in the President.

MR. PRESIDENT: ഈ ഭേഗതിയെ ആരെങ്കിലും അനുകൂലിക്കുന്നുണ്ടോ?

MR. V. K. VARGHESE (*Pathanamthitta III—General*): ഞാൻ അനുകൂലിക്കുന്നു. സമയക്ലിപ്തം വളരെ ആവശ്യമാണ്. ഇപ്പോഴാകട്ടെ ഒന്നിനും സമയക്ലിപ്തം ഇല്ലാതിരിക്കുന്നതുകൊണ്ട്, മെമ്പറന്മാക്ക് സാധാരണ ദിനചര്യകൾ നടത്താൻപോലും വിഷമമായിരിക്കുന്നു. സഭ ഇത്രമണിക്കു തുടങ്ങും, ഇത്രമണിക്കു അവസാനിക്കും എന്നു ക്ലിപ്തപ്പെടുത്തേണ്ടതു് അത്യാവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

The purpose of this amendment is to fix the time limit. The Assembly begins at 11 A. M. But there is no specific time for termination or for lunch. With a view to clarify the position *i. e.* at what time it shall terminate ordinarily for lunch or in the evening the amendment is proposed. It is with a view to clarify this position that Mr. Malieckal has brought in this amendment. To say that it will curtail the freedom of the President for extending the time of the sittings or to close the proceedings earlier there is no justification so far as the amendment goes. It is only to specify the exact time limit of the Assembly sittings that this amendment was moved. It is very desirable that there should be some definitness as to the time of work. With these words I support the amendment.

HONOURABLE MR. A. THANU PILLAI: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. എല്ലാ കാര്യങ്ങൾക്കും നിയമത്തിൽ തന്നെ സമയം ക്ലിപ്തപ്പെടുത്തിയാൽ പിന്നെ ആ സമയം മാറ്റുന്നതിന് ഈ സഭയുടെ അനുവാദം വേണ്ടിവരും. ഉച്ചയ്ക്കു സമയം ഏതാണെന്നു നിശ്ചയിക്കുക, യോഗം അവസാനിപ്പിക്കേണ്ട സമയം ഏതാണെന്നു നിശ്ചയിക്കുക, ഇതൊക്കെ പ്രസിഡൻറിനുതന്നെ ചെയ്യാവുന്നതാണ്. ചില ഘട്ടങ്ങളിൽ കൂടുതൽ സമയം ഇരിക്കേണ്ടതായി വരും. ഉച്ചയ്ക്ക് ഇൻറർവൽ സമയം ചിലപ്പോൾ ഭേദപ്പെടുത്തേണ്ടിവരും. ഇങ്ങനെ അത്യാവശ്യകാര്യങ്ങൾക്കു സമയം ഭേദപ്പെടുത്തേണ്ടിവന്നാൽ, നിയമത്തിൽ സമയക്ലിപ്തം ചെയ്യാതിരിക്കുന്ന പക്ഷം പ്രസിഡൻറിനു കൂടുതൽ സൗകര്യമുണ്ട്. ഫലാ മണിക്കു സഭ തുടങ്ങണമെന്നുള്ള നിശ്ചയം തന്നെ വിശേഷാൽ സന്ദർഭങ്ങളിൽ മാറ്റുന്നതിനു പ്രസിഡൻറിന് അധികാരമുണ്ടെന്ന് ഈ ചട്ടത്തിൽതന്നെ പറഞ്ഞിരിക്കുന്നു. ആ നിലയ്ക്ക് ഇൻറർവൽ സമയമോ യോഗം അവസാനിപ്പിക്കുന്ന സമയമോ മാറ്റേണ്ട ആവശ്യം നേരിട്ടാൽ. വെള്ളിയാഴ്ചമാത്രം ഉച്ചയ്ക്ക് ഒന്നു മുതൽ രണ്ടര മണിവരെ അവധിവച്ചിരിക്കുന്നതു മതപരമായ കാരണം കൊണ്ടാണ്. സമയക്ലിപ്തം ചെയ്യുവാനുള്ള സ്വാതന്ത്ര്യവും സൗകര്യവും പ്രസിഡൻറിന് കൊടുക്കേണ്ടതു വളരെ ആത്യാവശ്യമായ ഒരു കാര്യമാകുന്നു.

MR. MANNATHU PADMANABHA PILLAI: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. സമയം ഏതാണെന്നു നിശ്ചയിക്കേണ്ട കാര്യം പ്രസിഡൻറിനു വിട്ടുകൊടുക്കുന്നതാണു നല്ലതു. ഇതിലേക്കു ഈ സഭ സാമാന്യമായ ഒരു നിർദ്ദേശം നൽകാമെന്നല്ലാതെ നാലരമണിക്കുതന്നെ സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നും മറ്റും പറയുന്നതു നിശ്ചയമായും തെറ്റാണ്. സഭാനടപടികൾ അഞ്ചു മണിവരെ തുടർന്നുകൊണ്ടുപോകുന്നതിന് സൗകര്യം ഉണ്ടെന്നു കണ്ടാൽ അതുവരെ തുടർന്നുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Mannathu Padmanabha Pillai]

പോകുന്നതിനും സൗകര്യം കൊടുക്കണം. ഇൻറർവൽ ഒരു മണിക്കൂറിൽ കൂടുതൽ ഉണ്ടായിരിക്കേണ്ട ആവശ്യമില്ല. ഈ സമയത്തിനു് വേണമെങ്കിൽ അല്പസ്വല്പം ചില മാറ്റങ്ങൾ ചെയ്യാം. അതു പ്രസിഡൻറു ചെയ്തുകൊള്ളും. അല്ലാതെ സമയം ക്ലിപ്തപ്പെടുത്തുന്നതു് ശരിയല്ല.

MR. M. GOVINDAN (*Trivandrum III—General*) : I support the amendment. I want to stipulate a time for lunch. We are now getting an hour and a half for lunch. I whole-heartedly support the amendment.

MR. P. C. ADICHAN (*Kunnathur II—Kurava Reserved*) : സർ, ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുകയാണു ചെയ്യുന്നതു്. സമയം ക്ലിപ്തപ്പെടുത്തേണ്ടതു ആവശ്യമാണു്. എന്നാൽ ചിലയവസരങ്ങളിൽ സമാനടപടികൾ തുടർന്നു കൊണ്ടു പോകേണ്ടതു ആവശ്യമാണെന്നു കണ്ടാൽ അതു പ്രസിഡൻറിൻെറ ആവശ്യം മാത്രമല്ല, ഈ സഭയുടെ എല്ലാ മെമ്പറന്മാരുടേയും ആവശ്യമായിരിക്കുന്നതുകൊണ്ടു് അതിനോടു ഈ സഭ പൂർണ്ണമായിയോജിക്കുകതന്നെ ചെയ്യും. അതുകൊണ്ടു സമയക്ലിപ്തം ആവശ്യമാണെന്നാണു എൻെറ അഭിപ്രായം.

MR. PANDAVATHU SANKARA PILLAI (*Karthigapally III—General*): സമയക്ലിപ്തം വേണമെന്നുള്ള ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. സിറ്റിയിൽ സ്ഥിരമായി താമസിക്കുന്നവർക്കു ഇൻറർവലിനും മറ്റും സമയക്ലിപ്തം ചെയ്തില്ലെങ്കിലും വലിയ തരക്കേടൊന്നും വരാനില്ല. എന്നാൽ ഹോട്ടലിനെ ആശ്രയിച്ചു കഴിക്കുന്ന എന്നെപ്പോലെയുള്ളവർക്കു സമയക്ലിപ്തം ചെയ്തില്ലെങ്കിൽ ഹോട്ടലിൽ ചെല്ലുമ്പോൾ ചോറു കിട്ടിയില്ലെന്നുവരാം. മുൻകൂട്ടി സഭ തുടങ്ങുന്നതും അവസാനിപ്പിക്കുന്നതും ആയ സമയം അറിഞ്ഞിരിക്കുന്നതുകൊണ്ടു ദിനചര്യകൾക്കും മറ്റു കാര്യങ്ങൾക്കും മെമ്പറന്മാർക്കു് കൂടുതൽ സൗകര്യം ലഭിക്കുന്നതാണു്. അസാധാരണ സന്ദർഭങ്ങളിൽ ഈ സമയത്തിനു വല്ല മാറ്റവും ചെയ്യേണ്ടി വന്നാൽ അതുമൂലം ഉണ്ടാകാവുന്ന അസൗകര്യങ്ങൾ സഹിക്കുവാൻ എല്ലാവരും തയാറാകും. അതിനാൽ സമയക്ലിപ്തം ചെയ്യണമെന്നുള്ള അഭിപ്രായത്തോടു് ഞാനും യോജിക്കുന്നു.

MR. K. K. CHELLAPPAN PILLAI : മി. മാളിയേക്കലിൻെറ ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു. എന്നാൽ ചെറിയ ഒരു ഭേദഗതിക്കൂടി വേണമെന്നു എനിക്കു അഭിപ്രായമുണ്ടു്. ആ ഭേദഗതി ഇതാണു്.

LIBRARY ARCHIVES Kerala Legislative Assembly

"and terminate at 5 P. M. with an interval for lunch between 1 and 2-30 P. M."

ഇവിടെ ശ്രീമാൻ റ്റി. കെ. നാരായണപിള്ള പറഞ്ഞതുപോലെ അങ്ങനെ സമയം ക്ലിപ്തപ്പെടുത്തിയാൽ മെമ്പറന്മാർക്ക് കൂടുതൽ സൗകര്യങ്ങൾ ലഭിക്കുന്നതാണ്. അതിനാൽ ഞാൻ ശ്രീമാൻ മാളിയേക്കലിന്റെ ഭേദഗതിയെ അനുകൂലിക്കുകയും പ്രസിഡൻറിന്റെ അനുവാദത്തോടുകൂടി അതിന് ഒരു ചെറിയ ഭേദഗതി കൊണ്ടുവരികയും ചെയ്തിട്ടുള്ളതാകുന്നു. എന്റെ ഭേദഗതി സ്വീകരിക്കുന്നതുകൊണ്ട് മെമ്പറന്മാർക്ക് ക്ലിപ്തസമയത്തിന് ഹോട്ടലിൽപോയി ആഹാരം കഴിക്കുന്നതിനും വൈകുന്നേരം വീടുകളിൽ പോകുന്നതിനും സൗകര്യമുണ്ട്. യോഗം 4 മണിക്ക് തുടങ്ങണമെന്ന് പറയുമ്പോൾ പ്രസിഡൻറിന്റെ അധികാരത്തെ ക്ലിപ്തപ്പെടുത്തുന്നില്ലെങ്കിൽ അത് ഇത്ര മണിക്ക് അവസാനിപ്പിക്കണമെന്നു പറയുമ്പോൾ പ്രസിഡൻറിന്റെ അധികാരത്തെ ക്ലിപ്തപ്പെടുത്തുന്നത് എങ്ങിനെയെന്ന് എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ട് യോഗം അവസാനിപ്പിക്കുന്നത് 5 മണിക്ക് എന്നു ക്ലിപ്തപ്പെടുത്തുകയും ലഞ്ചർവെൽ ടൈം ക്ലിപ്തപ്പെടുത്തുകയും ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

MR. P. S. NATARAJA PILLAI: Sir, I oppose the amendment moved by Mr. Malieckal. This House has been so far adopting the rules as framed by the Indian Constituent Assembly. There the rule is that "meetings of the Assembly shall commence at 11 A. M. except as otherwise directed by the Chairman". Since we have adopted or followed the Indian Constituent Assembly Rules so far I do not think there is any necessity for a deviation now. In view of the practical difficulties pointed out by Mr. T. K. Narayana Pillai, I think it is advisable to reject this amendment.

MR. K. A. MUHAMMED (*Quilon* IV—*Muslim Reserved*): ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഈ സഭ ഒരു നിയമനിർമ്മാണസഭയല്ല, പ്രത്യുത ഒരു ഭരണഘടനാനിർമ്മാണസമിതിയാണ്. ഇതുകൊണ്ടുതന്നെ ഇതിലുള്ള വ്യത്യാസങ്ങൾ പൂർണ്ണമായി മനസ്സിലാക്കാത്തതുകൊണ്ടാണ് ഇത്രത്തോളം വാദപ്രതിവാദത്തിന് ഇടയായത്. നിയമനിർമ്മാണസഭയാണെങ്കിൽ ഒരുമണിയെന്നോ രണ്ടുമണിയെന്നോ വ്യവസ്ഥ ചെയ്യാം. നേരേമറിച്ച് ഈ സഭ ഭരണഘടനാപരമായ ജോലികൾ നിർവഹിക്കുന്നതായ ഒന്നാണ്. ഒരു സമയത്തു് വളരെ ഗൗരവമുള്ള ഏതെങ്കിലും കാര്യത്തിൽ സഭ ഇടപെട്ടിരിക്കുമ്പോൾ ഏതെങ്കിലും ഒരു മെമ്പർ, മണി ഒന്നായി സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. A. Muhammed.]

പറഞ്ഞാൽ ഉടൻതന്നെ പ്രസിഡൻറിന് അങ്ങിനെ വേണമോ വേണ്ടയോ എന്നു തീർച്ചപ്പെടുത്തുന്നതിന് വോട്ടെടുക്കേണ്ടതായിവരും. അതു കായ്യനടത്തിപ്പിന് പറ്റിയതായിരിക്കുകയില്ല. നേരേമറിച്ച് എതു അത്യാവശ്യമുണ്ടായിരുന്നാലും കായ്യങ്ങളുടെ നിർവഹണത്തിന് പെട്ടെന്നുമായവിധം സഭയെ നയിക്കുവാനും നിയന്ത്രിക്കുവാനുമുള്ള അധികാരം പ്രസിഡൻറിന് സാമധ്യമായുണ്ടായിരിക്കുന്നതു കൂടുതൽ കായ്യക്ഷമമായിരിക്കും. വേണമെന്നു തോന്നിയാൽ സഭാനടപടികൾ എത്രനേരത്തേക്കു വേണമെങ്കിലും നീട്ടിക്കൊണ്ടുപോകാൻ പ്രസിഡൻറിന് കഴിയുന്നതാണ്. ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ളിയിലും തുടങ്ങുന്ന സമയം ക്ലിപ്തപ്പെടുത്തുകയും എന്നാൽ അവസാനിപ്പിക്കേണ്ട സമയം ഏതാണെന്നു പറയാതിരിക്കുകയും ചെയ്തിട്ടുള്ളതു ഈ അവസരത്തിൽ ശ്രദ്ധേയമാണ്. ഈ കാരണങ്ങളാൽ യോഗം അവസാനിപ്പിക്കുന്നതിനെപ്പറ്റി സമയക്ലിപ്തം ചെയ്യേണ്ട ആവശ്യമില്ല. അതുകൊണ്ട് ഈ ഭേഗതി സ്വീകരിക്കാൻ നിവൃത്തിയില്ല

MR. K. A. GANGADHARA MENON (*Nedumangad I—General*): Sir, I move the question be now put.

MR. V. O. MARKOS: I second it Sir.

MR. PRESIDENT: വാദപ്രതിവാദം നിറുത്തിവയ്ക്കണമെന്നു അഭിപ്രായമുള്ളവർ കൈപൊക്കണം. ഇതുസംബന്ധിച്ചുള്ള വാദപ്രതിവാദം നിറുത്തിവച്ചിരിക്കുന്നു.

MR. JOSEPH MALIECKAL: ഈ ഭേഗതിക്ക് ഞാൻതന്നെ ഉദ്ദേശിച്ചിട്ടില്ലാത്ത പ്രാധാന്യം ഇവിടെ കല്പിച്ചുകാണുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. ഇവിടെ കഴിഞ്ഞ നിയമസഭകളിൽ വളരെ നാളായി ഫ്ര മണി മുതൽ ര് മണിവരെ സഭാനടപടികൾ തുടർന്നുകൊണ്ടുപോകാൻ സ്റ്റാൻറിംഗ് ആർഡേഴ്സിൽ വ്യവസ്ഥയുണ്ടായിരുന്നു.

MR. T. K. NARAYANA PILLAI: അതുപോലെ സ്റ്റാൻറിംഗ് ആർഡേഴ്സ് നമുക്കും ഉണ്ടാക്കാം.

MR. JOSEPH MALIECKAL: അങ്ങിനെ സ്റ്റാൻറിംഗ് ആർഡേഴ്സ് ഉണ്ടായിരുന്നാലും അവയെ അദ്ധ്യക്ഷൻതന്നെ ഭേഗപ്പെടുത്തുവാൻ ഇപ്പോൾതന്നെ അധികാരം കൊടുത്തിട്ടുണ്ട്.

MR. K. A. MUHAMMED: ആ അധികാരം അദ്ധ്യക്ഷനു മാത്രമല്ല ഉള്ളത് സഭയ്ക്കും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. JOSEPH MALIECKAL : സമയവ്യവസ്ഥിതി മാറ്റുവാൻ അദ്ധ്യക്ഷനുകൂടി ഇവിടെ അധികാരം കൊടുത്തിട്ടുണ്ട്. വേണ്ട സന്ദർഭത്തിൽ ആ അധികാരം അദ്ധ്യക്ഷൻ വിനിയോഗിച്ചുകൊള്ളട്ടെ. എനിക്കതിൽ വിരോധമില്ല. എന്നാൽ സാമാന്യമായി ഒരു സമയക്ലിപ്തം ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണ്. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. ഓൾ മണിതന്നെ സമയം ക്ലിപ്തപ്പെടുത്തണമെന്നു എനിക്കു നിർബന്ധമില്ല. അതു് ന്യായമായതാക്കുന്നതിലും വിരോധമില്ല. എനിക്കു നിർബന്ധമുള്ളതു് ആ സമയത്തിനു് എന്തെങ്കിലും ഒരു ക്ലിപ്തം ചെയ്യണമെന്നുള്ളതിലാണ്. അതിനെ ഭേദപ്പെടുത്താൻ ഈ സഭയ്ക്കും അദ്ധ്യക്ഷനുമുള്ള അധികാരത്തെ ഒരിക്കലും തടസ്സപ്പെടുത്തണമെന്നു എനിക്കു വിചാരമില്ല. അദ്ധ്യക്ഷന്റേയും മെംബറന്മാരുടേയും സൗകര്യത്തെ ഉദ്ദേശിച്ചാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്.

MR. PRESIDENT : വകുപ്പു് ഇതാണ്.

"The meetings of the Representative Body shall commence at 11 A. M. and terminate at 4-30 P. M. with an interval for 1 hour for lunch between 1·30 and 2·30 P. M. except as otherwise directed by the Chairman".

The amendment was put to vote and lost.

Rule 17 with the following proviso was passed.

The amended rule will read like this "Meetings of the Representative Body shall commence at 11 A. M. except as otherwise resolved by the Representative Body or directed by the Chairman.

Provided that on Fridays there shall be an interval of two hours between 12-30 and 2-30 P. M."

RULE 18.

(1) The presence of at least one-third of the whole number of members shall be necessary to constitute a meeting of the Representative Body or any of its committees.

As there was no amendment Sub-Rule (1) was put and carried.

(2) If the Chairman, on a count being demanded by a member at any time during a meeting, ascertains that one-third of the whole number of members are not present, he shall adjourn the Representative Body or the Committee, as the case may be, for fifteen minutes, and if on a fresh count being taken after that period it is found that there is still no quorum, he shall adjourn the Representative Body or the Committee as the case may be till the next day on which it ordinarily sits.

LIBRARY ARCHIVES Kerala Legislative Assembly